**പതിനാലാം കേരളനിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2680 — 06.02.2018 ന് മറുപടിയ്ക്ക്.

**കാട്ടുമൃഗങ്ങളുടെ ആക്രമണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ശശി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ (2011-16) കാടിറങ്ങി വരുന്ന കാട്ടുപന്നികൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണങ്ങളിൽ സംസ്ഥാനത്താകമാനം എത്ര പേർ മരണപ്പെട്ടുവെന്നും പരിക്കു പറ്റിയവർ എത്രയെന്നും കൃഷിയും വീടു തകർക്കലും ഉൾപ്പെടെ എത്ര മാത്രം നാശനഷ്ടങ്ങൾ ഉണ്ടായിയെന്നും വിശദാംശം ലഭ്യമാക്കുമോ; | (എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കാടിറങ്ങിവരുന്ന കാട്ടുപന്നികൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണങ്ങളിൽ സംസ്ഥാനത്താ- കമാനം 628 പേർ മരണപ്പെട്ടിട്ടുണ്ട്. 1793 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. 18.50 കോടി രൂപയുടെ കൃഷിയും, കന്നുകാലികളും, വീടും ഉൾപ്പെടെയുള്ള നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് മരണപ്പെട്ടവർ,പരിക്കുപറ്റിയവർ,കൃഷിയും വീടും തകർന്നവർ എന്നിവർക്ക് കഴിഞ്ഞ സർക്കാർ എന്തൊക്കെ ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ; | (ബി) ഇതുമായി ബന്ധപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർക്കും, പരിക്കുപറ്റിയവർക്കും, കൃഷിയും മറ്റു വസ്തുവകകൾക്ക് നാശനഷ്ടം സംഭവിച്ചവർക്കും ആകെ 30.38 കോടി രൂപ നഷ്ടപരിഹാരമായി നല്കിയിട്ടുണ്ട്. |
| (സി) ഈ സർക്കാർ കാലയളവിൽ വന്യജീവികളുടെ ആക്രമണങ്ങളിൽ നാളിതുവരെ എത്ര പേർ മരണപ്പെട്ടു; എത്ര പേർക്കു പരിക്കു പറ്റി; കൃഷിയും വീടു തകർക്കലും ഉൾപ്പെടെ എത്ര നാശനഷ്ടങ്ങൾ ഉണ്ടായി; വിശദാംശം വ്യക്തമാക്കുമോ; | (സി) ഈ സർക്കാർ കാലയളവിൽ വന്യജീവികളുടെ ആക്രമണത്തിൽ നാളിതുവരെ 50 പേരും പാമ്പുകടിയേറ്റ് 137 പേരും മരണപ്പെട്ടിട്ടുണ്ട്. 1059 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. കൃഷിയും വീടും മറ്റു വസ്തുവകകളുടെ നാശം ഉൾപ്പെടെ നാളിതുവരെ 9053 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ കാലയളവിൽ മരണപ്പെട്ടവർ, പരിക്കുപറ്റിയവർ, കൃഷിയും വീടും തകർന്നവർ എന്നിവർക്ക് എന്തൊക്കെ ധനസഹായം നാളിതുവരെ നൽകിയെന്ന് വ്യക്തമാക്കുമോ; | (ഡി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ കാലയളവിൽ മരണപ്പെട്ടവരുടെ ആശ്രിതർ, പരിക്ക് പറ്റിയവർ. കൃഷിയും മറ്റു വസ്തുവകകൾക്കും നാശനഷ്ടം സംഭവിച്ചവർ എന്നിവർക്ക് നാളിതുവരെ 12.98 കോടി രൂപ നഷ്ടപരിഹാരം നല്കിയിട്ടുണ്ട്. |
| (ഇ) മനുഷ്യവാസ മേഖലകളിൽ വന്യജീവികൾ ഉൾപ്പെടെ കാട്ടുമൃഗങ്ങളുടെ | (ഇ) മനുഷ്യവാസ മേഖലകളിൽ വന്യജീവികൾ ഉൾപ്പെടെ കാട്ടുമൃഗങ്ങളുടെ ആക്രമണം തടയുവാനായി |

ആക്രമണം തടയുവാനുമായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

ഈ സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം
2. ആന പ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം
3. ആന പ്രതിരോധ മതിലുകളുടെ നിർമ്മാണം
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിലേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികൾ.
5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
7. പ്രശ്നക്കാരായ ആനകളെ പിടിച്ചു മാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.
8. ആനത്താരകളുടെ സംരക്ഷണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.
9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
10. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

(എഫ്) കാട്ടുമൃഗങ്ങളുടെ ആക്രമണം തടയുവാൻ കേന്ദ്രസഹായം എന്തെങ്കിലും ലഭിച്ചുവോ; ഇല്ലെങ്കിൽ കേന്ദ്രസഹായം ആവശ്യപ്പെടാൻ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

(എഫ്) വന്യജീവി സംരക്ഷണം, ദേശീയോദ്യാനങ്ങളുടെ പരിപാലനം എന്നിവയ്ക്കായി നിലവിലുള്ള വിവിധ കേന്ദ്രപദ്ധതികളിൽ കാട്ടുമൃഗങ്ങളുടെ ആക്രമണം തടയുവാനും തുക വകയിരുത്തിയിട്ടുണ്ട്.

Latheef

സെക്ഷൻ ഓഫീസർ